Draft #97 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 11-Sep-2020 08:05 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം: സർവ്വകലാശാലയിൽ ഹെർബൽ ഗാർഡൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് - ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4017/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.09.2020

---

*പരാമർശം:-*വൈസ് ചാൻസിലറുടെ 08.09.2020 തീയതിയിലെ കുറിപ്പ് നം. വി.സി.702/2/138/2020.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിൽ ഔഷധ സസ്യോദ്യാന നിർമ്മാണം, മികച്ചയിനം നടീൽ വസ്തുക്കളുടെ ഉൽപാദനം, സംരക്ഷണം, ഔഷധ സസ്യങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം, വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര / കേരള ഔഷധ സസ്യബോർഡിൻറെ ധനസഹായത്തോടെ ഒരു ഹെർബൽ ഗാർഡൻ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ടി പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ വൈസ് ചാൻസിലർ ആയിരിക്കും. സ്കൂൾ ഓഫ് ബയോ സയൻസസിലെ അസിസ്റ്റൻറ് പ്രൊഫസർ, ഡോ. രാധാകൃഷ്ണൻ ഇ.കെ.-യെ കോ-ഇൻവെസ്റ്റിഗേറ്ററായി നിയോഗിച്ചിരിക്കുന്നു.

ഹെർബൽ ഗാർഡൻ സൂപ്പർവൈസറായി താൽക്കാലികമായി മൂന്ന് മാസത്തേയ്ക്ക് 01.10.2020 മുതൽ ശ്രീ. ജയപ്രകാശൻ സി.എസ്. (റിട്ടയേർഡ് അഗ്രികൾച്ചർ ഓഫീസർ, ചെരുവിൽ ഹൗസ്, കാണക്കാരി പി.ഒ., ഏറ്റുമാനൂർ. ഫോൺ - 9496598841)-നെ നിയോഗിച്ചിരിക്കുന്നു. ഹെർബൽ ഗാർഡൻ സൂപ്പർവൈസർക്ക് പ്രതിമാസം 15,000/- രൂപ കൺസോളിഡേറ്റഡ് പേ ആയി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഗാർഡൻ സംബന്ധമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തൊഴിലാളികളെ എസ്റ്റേറ്റ് വിഭാഗത്തിൽ നിന്നും നിയോഗിക്കേണ്ടതാണ്.

ഹെർബൽ ഗാർഡൻ സൂപ്പർവൈസറുടെ വേതനത്തിനാവശ്യമായ ചെലവ് നടപ്പു സാമ്പത്തിക വർഷത്തിലെ "22 101 27 Payment to Contingent Employees" എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ
2. ഡോ. രാധാകൃഷ്ണൻ ഇ.കെ., സ്കൂൾ ഓഫ് ബയോ സയൻസസ്
3. ശ്രീ. ജയപ്രകാശൻ സി.എസ്., റിട്ട. അഗ്രികൾച്ചർ ഓഫീസർ, ചെരുവിൽ ഹൗസ്, കാണക്കാരി പി.ഒ., ഏറ്റുമാനൂർ.
4. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
6. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
7. പി.ആർ.ഒ./ എസ്റ്റേറ്റ് ഓഫീസർ/ കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി./എഡി.ഡി. സെക്ഷൻ
8. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #97 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 11-Sep-2020 08:05 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം